**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 741 | 05.02.2020 ലെ മറുപടിയ്ക്ക്.

## പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ**<br>**,, കാരാട്ട് റസാഖ്**<br>**,, കെ.കുഞ്ഞിരാമൻ**<br>**,, കെ.ഡി. പ്രസേനൻ** | | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. **പഠനമുറി:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടും കൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന ബൃഹത്തായ പദ്ധതി.<br>2. **വാത്സല്യനിധി:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായുള്ള ഇൻഷുറൻസ് അധിഷ്ഠിത പദ്ധതിയായ വാത്സല്യനിധി പദ്ധതി.<br>3. **ലാപ് ടോപ്പ്:-** M.Sc Electronics, B.Arch, M.Phil, Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി.<br>4. **ഉച്ചഭക്ഷണം:-** പട്ടികജാതി വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി,ഐകളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും, ഉച്ചഭക്ഷണവും നൽകുന്നതിനുള്ള പദ്ധതി.<br>5. **വർക്കിംഗ് വിമൻസ് ഹോസ്റ്റൽ:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി.<br>6. **നഴ്സിംഗ് അപ്രന്റിസ്ഷിപ്പ്:-** നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15000/- രൂപ ധനസഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതി. |

| | | | |
|---|---|---|---|
| | | | 7. **അംബേദ്കർ ഗ്രാമം പദ്ധതി:-** 30 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ട കോളനികളിൽ 50 ലക്ഷം രൂപ വരെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡോ. അംബേദ്കർ ഗ്രാമ വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്<br>8. **ഹെൽത്ത് കെയർ സ്കീം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.<br>9. പട്ടികജാതി യുവതീ യുവാക്കൾക്ക് പരിശീലനം നൽകി 100% പ്ലെയിസ്മെന്റ് ഉറപ്പാക്കുന്ന വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ. |
| (ബി) | കുടുംബത്തിലെ വരുമാന ദായകനായ വ്യക്തി മരിച്ചാൽ നൽകുന്ന ധനസഹായ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | വർദ്ധിപ്പിച്ചിട്ടുണ്ട്.<br>കുടുംബത്തിലെ വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായതുക 22-11-2018 ലെ സ.ഉ.(കൈ)85/2018/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 50,000/- രൂപയിൽ നിന്നും 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാർക്കായുള്ള ചികിത്സാ ധനസഹായ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ; | (സി) | വിപുലീകരിച്ചിട്ടുണ്ട്.<br>ചികിത്സാ ധനസഹായം അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 19.07.2017 ലെ സ.ഉ.(കൈ) 48/2017 പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള അംബേദ്കർ ഗ്രാമം പദ്ധതിയിൽ കൂടുതൽ പട്ടികജാതി കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്.<br>പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള അംബേദ്കർ ഗ്രാമം പദ്ധതിയിൽ കൂടുതൽ പട്ടികജാതി കോളനികളെ ഉൾപ്പെടുത്തുന്നതിനായി പദ്ധതി മാനദണ്ഡപ്രകാരം കോളനിയിൽ ഉണ്ടായിരിക്കേണ്ട കുടുംബങ്ങളുടെ എണ്ണം 2019 സാമ്പത്തിക വർഷം മുതൽ 40 ൽ നിന്നും 30 ആയി കുറച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**